വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :)

(എ) വക്കുമെൻസ് കാമ്പ സൻസേഷൻ ആക്ട് പ്രകാരം തൊഴിലാളികൾ കൂടുതൽ വേലചെയ്യുന്ന തോട്ടങ്ങളിൽ ബാധകമാണ്. പ്രൊമെൻറ്റാഫ് വേജസ് ആക്ടും തോട്ടം തൊഴിലാളികൾക്കു ബാധകമാക്കിട്ടുണ്ട്. കൂടാതെ ഇൻഡ്യാ ഗവണ്മെൻറിൽനിന്നു തോട്ടം തൊഴിലാളികളുടെ പൊതുവേയുള്ള ക്ഷേമത്തെ പുരസ്കരിച്ച് ഒരു പ്ലാൻേറഷൻ ബോർഡു രൂപവൽക്കരിച്ചിട്ടുണ്ട്. ആ ആക്ടത്ത് ഡൽഹിയിൽ കൂടുന്ന ത്രികക്ഷിസമ്മേളനത്തിൽ ചർച്ചാ വിഷയമാകുന്നതാണ്.

(ബി) മുകളിൽ കൊടുത്തിരിക്കുന്ന ഉത്തരം നിമിത്തം ഈ ചോദ്യം ഉദ്ഭവിക്കുന്നില്ല.

മുളങ്കുന്നത്തുകാവു ക്ഷയരോഗാശുപത്രി

*ശ്രീ എൻ. (രസ്യ) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മുളങ്കുന്നത്തുകാവു ക്ഷയരോഗാശുപത്രി കെട്ടിടത്തിൻെറ പണി പൂർത്തിയായോ;

(ബി) ആശുപത്രിയുടെ ഉൽഘാടനം എപ്പോൾ എന്നു പറയാമോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ.)

(എ) ഇല്ല; ചില പണികൾ തീരുവാനുണ്ട്. പക്ഷെ, ഇപ്പോൾ ക്ഷയരോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുണ്ട്.

(ബി) ആശുപത്രിയുടെ ഉൽഘാടനം താമസിയാതെ നടത്തുന്നതാണ്.

കൊടുങ്ങല്ലൂർ ആശുപത്രി

*ശ്രീ വി. (ര ഴ) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊടുങ്ങല്ലൂർ ആശുപത്രിയുടെ വടക്കുംഭാഗംകൂടി ആശുപത്രി ആവശ്യത്തിലേക്ക് വിനിയോഗിച്ചും ആശുപത്രിയുടെ തൽക്കാലവിഷമതകളും പരിഹരിക്കണമെന്നു ഗവണ്മെൻറിനു നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയുടെ ഉപദേശക സമിതി പ്രസ്തുതകാര്യം നിർദ്ദേശിച്ചുതുടങ്ങിയിട്ട് എത്ര കാലമായി?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഇല്ല. ആശുപത്രിയുടെ വടക്കുഭാഗം ആശുപത്രി ആവശ്യത്തിലേക്ക് ഉപയോഗിക്കുന്നുണ്ട്.

(ബി) ഉദിക്കുന്നില്ല.

കൊക്കപ്പുഴു നിവാരണപദ്ധതി

*ശ്രീ വി. (ര വ) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) Hook worm campaign പ്രമാണിച്ച് അഞ്ചുകൊല്ലങ്ങൾക്കു മുൻപു കൊടുങ്ങല്ലൂരിൽ പണിയുവാൻ തീരുമാനിച്ച കരാർ എല്ലിക്കുകയും സ്ഥലം അകപ്പെടുകയും ചെയ്ത കക്കൂസു പണികൾ ഇനി എപ്പോൾ നടത്തും;

LIBRARY ARCHIVES Kerala Legislative Assembly